**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറേറ്റിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ആർ.ഇ)-ക്ക് ഒരു ലക്ഷം രൂപ വരെയുള്ള സാമ്പത്തിക ചെലവിനുള്ള അധികാരം നല്കിയ മിഷൻ ഡയറക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ടും, മിഷന്റെ സുഗമമായ പ്രവർത്തനത്തിനായി, പ്രസ്തുത സാമ്പത്തിക അധികാരം തുടരുന്നതിനുള്ള അനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.633/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 15.03.2019.**

പരാമർശം: 1) സഉ(സാധാ)നം.2199/2009/തസ്വഭ തീയതി 25/08/2009

2) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 04.09.2015- ലെ 5/FIN.MGNREGS/15-16/FundTrans നമ്പർ നടപടിക്രമം.

3) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.11.2018-ലെ 2984/ഇജിഎസ്ഡി/18/ആർ.ഇ.ജി.എസ്. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി ജില്ലാതലത്തിലുള്ള ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്ക് ഒരു ലക്ഷം രൂപ വരെയുള്ള ഭരണച്ചെലവുകൾക്കുള്ള അധികാരം പരാമർശം 1) ഉത്തരവ് പ്രകാരം നല്കിയിരുന്നു. മേൽ ഉത്തരവിനെ അടിസ്ഥാനമാക്കി, മിഷൻ ഡയറക്ടറുടെ ജോലിഭാരം ലഘൂകരിക്കുന്നതിനായി ഒരു ലക്ഷം രൂപ വരെയുള്ള ഭരണച്ചെലവുകൾക്കുള്ള അധികാരം ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ആർ.ഇ)-ക്ക് പരാമർശം 2) പ്രകാരം നൽകിയത് സാധൂകരിക്കണമെന്ന് പരാമർശം 3) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറേറ്റിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ആർ.ഇ)-ക്ക് ഒരു ലക്ഷം രൂപ വരെയുള്ള സാമ്പത്തിക ചെലവിനുള്ള അധികാരം, പരാമർശം 1) ഉത്തരവിന്റെ വെളിച്ചത്തിൽ നൽകിയ മിഷൻ ഡയറക്ടറുടെ പരാമർശം 2)-ലെ നടപടി സാധൂകരിച്ചുകൊണ്ടും, മിഷന്റെ സുഗമമായ പ്രവർത്തനത്തിനായി, പ്രസ്തുത സാമ്പത്തിക അധികാരം, തുടരുന്നതിനുള്ള അനുമതി നല്കിക്കൊണ്ടും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

✓ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

തദ്ദേശ സ്വയം ഭരണ (ഡിഡി) വകുപ്പ്

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ